(ബി) ഇതിന്റെ സാദ്ധ്യതകളെപ്പറ്റി ഗവണ്മെണ്ടുമായി നമ്മുടെ ഗവണ്മെണ്ടു് എന്തെങ്കിലും കൂടിയാലോചന നടത്തിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഇതു് ഉദിക്കുന്നില്ല.

പുസ്തകങ്ങൾക്കുള്ള ഗ്രാന്റു്

*ക്ക ര ൨. (൫൩) ശ്രീ. ടി എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പുസ്തകങ്ങൾക്കും മറ്റുമായി പിന്നോക്കസമുദായങ്ങളിലെ വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കു് അനുവദിച്ചിട്ടുള്ള ഗ്രാന്റു് ഇതുവരെയും കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ഗവണ്മെണ്ടിനറിയാമൊ;

(ബി) ഇതുവരെ ആയതു കൊടുക്കാതിരിക്കുന്നതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

വ്യവസായവും, എക്സൈസും, തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ൫൩൨ സ്കൂളുകളിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു് സഹായധനം നല്കിയിട്ടുണ്ടു്. ബാക്കി സ്കൂളുകൾക്കു് കൊടുത്തുവരുന്നുണ്ടു്.

(ബി) ഇതിനു് അനുവദിച്ചിരുന്നതുക തീർന്നുപോകയാൽ കൂടുതൽ തുക അനുവദിക്കുന്നതിനു് അല്പം കാലതാമസം നേരിട്ടിട്ടുണ്ടു്. അല്ലാതെ മറ്റുകാരണങ്ങൾ ഒന്നും ഇല്ല.

കോളേജ് വിദ്യാർത്ഥികൾ

*ക്ക ര ൫൩ (൫൭) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നല്കുമൊ.—

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ഏതേതു കോളേജുകളിൽ ഷെഡ്യൂൾകാസ്റ്റിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്നു.

(ബി) ഓരോ കോളേജിലും എത്ര പേർ വീതം;

(സി) ഓരോരുത്തരുടേയും ജാതി ഏതു്?

വ്യവസായവും, എക്സൈസും, തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി ശ്രീ. എൻ. കണ്ണൂരാമൻ): (എ. ബി. സി.) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെണ്ടു് മേശപ്പുറത്തു വച്ചിരിക്കുന്നു.

(Vide answer to question No. 1143)

കോളേജുകളുടെ പേരുവിവരം	വിദ്യാർത്ഥികളുടെ എണ്ണം	ജാതിവിവരം ലിസ്റ്റ്
൧. വിമൻസ് കോളേജ്, തിരുവനന്തപുരം	ക്ക ര കുറവർ	൨൨

LIBRARY ARCHIVES Kerala Legislative Assembly